# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.*222** 01.04.2013-ൽ മറുപടിക്ക്.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. മാത്യു റ്റി . തോമസ് :<br>ശ്രീ. സി. കെ. നാണു : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന നഴ്സുമാർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ;<br><br>(സി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ; | (ബി)<br>(സി) ഉണ്ട്. വിശദാംശങ്ങൾക്ക് വിജ്ഞാപനത്തിൻെറ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) മിനിമം വേജസ്സ് നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരുടെ മിനിമം വേതനം ഉറപ്പാക്കുവാൻ ഈ വകുപ്പ് ജില്ലകൾതോറും സ്ക്വാഡ് പരിശോധനകൾ നടത്തുന്നുണ്ട്. ടി പരിശോധനാ വേളകളിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് ക്ലെയിം പെറ്റീഷനും പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തുവരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ആഫീസർ.

©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
### PUBLISHED BY AUTHORITY
### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Wednesday<br>തിരുവനന്തപുരം, ബുധൻ | 16th December 2009<br>2009 ഡിസംബർ 16<br>25th Agrahayana 1931<br>1931 അഗ്രഹായനം 25 | No. നമ്പർ 2333 |


## കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 174/09/തൊഴിൽ. *തിരുവനന്തപുരം, 2009 ഡിസംബർ 16.*

**എസ്. ആർ. ഒ. നമ്പർ 1062/2009.**—1948-ലെ മിനിമം വേജസ് ആക്ടിലെ (1948-ലെ 11-ാം കേന്ദ്ര ആക്ട്) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (എ) ഖണ്ഡം പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചും, 2000 ജൂൺ 9-ാം തീയതിയിലെ 1094-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 511/2000 നമ്പരായി പ്രസിദ്ധീകരിച്ച, 2000 ജൂൺ 5-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 1928/2000/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും, പ്രസ്തുത ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേജസ് ഉപദേശക സമിതിയുടെ ഉപദേശം പരിഗണിച്ചശേഷവും കേരള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ, ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം കേരള സർക്കാർ പുതുക്കി നിശ്ചയിക്കുന്നു. പ്രസ്തുത നിരക്കുകൾ 2009 ജൂൺ മാസം ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതാണ്.

33/4314/2009/DTP.

## സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റേ യൂണിറ്റുകൾ, ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് നൽകേണ്ടതായ കുറഞ്ഞ കൂലിനിരക്കുകൾ

പട്ടിക

### ഭാഗം ഒന്ന്—ഓഫീസും പൊതുവിഭാഗവും

1. അടിസ്ഥാന ശമ്പളം

| *ഗ്രൂപ്പ്/വിഭാഗം, തസ്തിക* | *മിനിമം വേതന സ്കെയിൽ* |
|---|---|
| **(1) ഗ്രൂപ്പ് എ** | |
| 1 ജനറൽ മാനേജർ<br>2 അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>3 സെക്രട്ടറി | 5310-110-5860-120-6460 |
| **(2) ഗ്രൂപ്പ് ബി (1)** | |
| 1 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്<br>2 അസിസ്റ്റന്റ് മാനേജർ<br>3 ചീഫ് അക്കൗണ്ടന്റ്/ഹെഡ് അക്കൗണ്ടന്റ്<br>4 ചീഫ് കാഷ്യർ/ഹെഡ് കാഷ്യർ<br>5 ഇന്റേണൽ ആഡിറ്റർ<br>6 പബ്ലിക് റിലേഷൻസ് ഓഫീസർ<br>7 മെയിന്റനൻസ് എഞ്ചിനീയർ<br>8 ഫ്ളോർ മാനേജർ/ഫ്രണ്ട് ഓഫീസർ | 5085-105-5610-115-6185 |
| **(3) ഗ്രൂപ്പ് ബി (2)** | |
| 1 അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫീസർ<br>2 കമ്പ്യൂട്ടർ പ്രോഗ്രാമർ-കം-ഓപ്പറേറ്റർ<br>3 സ്റ്റോർ കീപ്പർ<br>4 ചീഫ് സെക്യൂരിറ്റി ഓഫീസർ<br>5 ഹെഡ് ക്ലാർക്ക് | 4895-100-5395-110-5945 |

| ഗ്രൂപ്പ്/വിഭാഗം, തസ്തിക | മിനിമം വേതന സ്കെയിൽ |
|---|---|

(4) ഗ്രൂപ്പ് സി

| | |
|---|---|
| 1 ക്ലാർക്ക്<br>2 സ്റ്റെനോഗ്രാഫർ<br>3 അക്കൗണ്ടന്റ്<br>4 കാഷ്യർ<br>5 ഇന്റേണൽ ആഡിറ്റ് അസിസ്റ്റന്റ്<br>6 സെക്യൂരിറ്റി ഓഫീസർ<br>7 ചീഫ് റിസപ്ഷനിസ്റ്റ് | 4750-95-5225-105-6750 |

(5) ഗ്രൂപ്പ് ഡി

| | |
|---|---|
| 1 ഇലക്ട്രീഷ്യൻ/എ. സി. മെക്കാനിക്ക്<br>2 പ്ലംബർ<br>3 ടെയിലർ<br>4 വെൽഡർ<br>5 ടൈപ്പിസ്റ്റ്<br>6 ടൈപ്പിസ്റ്റ്-ക്ലാർക്ക്<br>7 ടെലിഫോൺ ഓപ്പറേറ്റർ<br>8 റിസപ്ഷനിസ്റ്റ്<br>9 ഡ്രൈവർ/ആംബുലൻസ് ഡ്രൈവർ<br>10 കുക്ക്<br>11 പവർ ലാണ്ടറി ഫോർമാൻ<br>12 ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4605-95-5080-105-5605 |

(6) ഗ്രൂപ്പ് ഇ

| | |
|---|---|
| 1 പവർ ലാണ്ടറി അറ്റൻഡർ<br>2 പമ്പ് ഓപ്പറേറ്റർ<br>3 ലിഫ്റ്റ് ഓപ്പറേറ്റർ<br>4 ഡോബി<br>5 ജനറേറ്റർ ഓപ്പറേറ്റർ<br>6 ലിഫ്റ്റ് മെക്കാനിക്ക്<br>7 കിച്ചൻ അസിസ്റ്റന്റ്<br>8 വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ | 4440-90-4890-100-5390 |

(7) ഗ്രൂപ്പ് എഫ്

| | |
|---|---|
| 1 പ്യൂൺ<br>2 ഗേറ്റ് കീപ്പർ<br>3 ഗാർഡനർ<br>4 വാച്ച്മാൻ/സെക്യൂരിറ്റി<br>5 ക്ലീനർ | 4335-90-4785-100-5285 |

## ഭാഗം രണ്ട്—മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗം

| *ഗ്രൂപ്പ്/വിഭാഗം, തസ്തിക* | *പ്രതിമാസ മിനിമം വേതന സ്കെയിൽ* |
|---|---|
| **1. ഗ്രൂപ്പ് എ** | |
| 1 നഴ്സിംഗ് സൂപ്രണ്ട്<br>(ബി. എസ് സി. നഴ്സിംഗും 5 വർഷത്തെ പ്രവൃത്തി പരിചയവും/ജനറൽ നഴ്സിംഗും 10 വർഷത്തെ പ്രവൃത്തി പരിചയവും)<br>2 മൈക്രോ ബയോളജിസ്റ്റ് ഗ്രേഡ് I<br>(ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര യോഗ്യതയും 5 വർഷത്തെ പ്രവൃത്തി പരിചയവും)<br>3 ചീഫ് ഫിസിയോ തെറാപ്പിസ്റ്റ്<br>(ഫിസിയോ തെറാപ്പിയിൽ ബിരുദവും 5 വർഷത്തെ പ്രവൃത്തി പരിചയവും/ഫിസിയോ തെറാപ്പിയിൽ ബിരുദാനന്തര ബിരുദവും 3 വർഷത്തെ പ്രവൃത്തി പരിചയവും)<br>4 ഡയറ്റീഷ്യൻ ഗ്രേഡ് I<br>(ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും 5 വർഷത്തെ പ്രവൃത്തി പരിചയവും)<br>5 ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഗ്രേഡ് I<br>(ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും 5 വർഷത്തെ പ്രവൃത്തി പരിചയവും)<br>6 ബയോ കെമിസ്റ്റ് ഗ്രേഡ് I<br>(ബന്ധപ്പെട്ട വിഷയത്തിൽ ബിരുദവും 5 വർഷത്തെ പ്രവൃത്തി പരിചയവും)<br>7 ഫാർമസി സൂപ്രണ്ട്<br>(ഫാർമസി ബിരുദം/ഡിപ്ലോമയും 6 വർഷത്തെ പ്രവൃത്തി പരിചയവും)<br>8 ബയോ മെഡിക്കൽ എഞ്ചിനീയർ ഗ്രേഡ് I<br>(ബി-ടെക് ബിരുദവും 5 വർഷത്തെ പ്രവൃത്തി പരിചയവും) | 5610-115-6185-125-6810 |
| **2. ഗ്രൂപ്പ് ബി** | |
| 1 സ്റ്റാഫ് നഴ്സ്<br>(ബി. എസ്സി. നഴ്സിംഗ്)<br>2 മേട്രൻ<br>3 അസിസ്റ്റന്റ് നഴ്സിംഗ് സൂപ്രണ്ട്<br>(ബി. എസ് സി. നഴ്സിംഗും 5 വർഷത്തെ പ്രവൃത്തി പരിചയവും/ജനറൽ നഴ്സിംഗും 10 വർഷത്തെ പ്രവൃത്തി പരിചയവും) | 5310-110-5860-120-6460 |

| ഗ്രൂപ്പ്/വിഭാഗം, തസ്തിക | പ്രതിമാസ മിനിമം വേതന സ്കെയിൽ |
|---|---|
| 4 മൈക്രോ ബയോളജിസ്റ്റ് ഗ്രേഡ് II (ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം) | |
| 5 ഡയറ്റീഷ്യൻ ഗ്രേഡ് II (ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം) | |
| 6 ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഗ്രേഡ് II (ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം) | |
| 7 ബയോകെമിസ്റ്റ് ഗ്രേഡ് II (ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം) | |
| 8 ക്ലിനിക്കൽ സൂപ്പർവൈസർ | |
| 9 ട്യൂട്ടർ നേഴ്സ് | |
| 10 ഹെഡ് നേഴ്സ് | |
| 11 സിസ്റ്റർ-ഇൻ-ചാർജ്ജ് | |
| 12 ഫാർമസിസ്റ്റ് (ഫാർമസി ബിരുദം) | |
| 13 ഫാർമസി സ്റ്റോർ കീപ്പർ (ഫാർമസി ബിരുദം) | |
| 14 ചീഫ് ഫാർമസിസ്റ്റ് (ഫാർമസി ഡിപ്ലോമയും 5 വർഷ പ്രവർത്തി പരിചയവും) | 5310-110-5860-120-6460 |
| 15 ചീഫ് റേഡിയോ ഗ്രാഫർ/റേഡിയോ ഗ്രാഫർ-ഇൻ ചാർജ്ജ് (ബന്ധപ്പെട്ട വിഷയത്തിൽ ഡിപ്ലോമ) | |
| 16 സ്കാനിംഗ് ടെക്നീഷ്യൻ | |
| 17 ട്യൂട്ടർ ടെക്നീഷ്യൻ (മെഡിക്കൽ ലബോറട്ടറി) | |
| 18 ചീഫ് ലബോറട്ടറി ടെക്നീഷ്യൻ/സീനിയർ ലബോറട്ടറി ടെക്നീഷ്യൻ | |
| 19 ഒാക്കുപേഷണൽ തെറാപ്പിസ്റ്റ് (ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം) | |
| 20 ഫിസിയോ തെറാപ്പിസ്റ്റ് (ബന്ധപ്പെട്ട വിഷയത്തിൽ ബിരുദം) | |
| 21 മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ/മെഡിക്കൽ റിക്കാർഡ് ഓഫീസർ | |
| 22 ചീഫ് ഓപ്താൽമിക് അസിസ്റ്റന്റ് | |
| 23 ചീഫ് ഓർത്തോപീഡിസ്റ്റ് | |
| 24 ചീഫ് റിഫ്രാക്ഷനിസ്റ്റ് | |
| 25 സാനിറ്ററി സൂപ്പർവൈസർ | |
| 26 ബയോ മെഡിക്കൽ എഞ്ചിനീയർ ഗ്രേഡ് II (ഡിപ്ലോമയും 3 വർഷ പ്രവർത്തി പരിചയവും) | |
| 27 ഫാർമസി സ്റ്റോർ കീപ്പർ (ഡിപ്ലോമയും 10 വർഷ പ്രവർത്തി പരിചയവും/ ഫാർമസി ബിരുദം 5 വർഷത്തെ പരിചയവും) | |

| ഗ്രൂപ്പ്/വിഭാഗം, തസ്തിക | പ്രതിമാസ മിനിമം വേതന സ്കെയിൽ |
|---|---|
| **3. ഗ്രൂപ്പ് സി** | |
| 1 സ്റ്റാഫ് നേഴ്സ് (ജനറൽ നേഴ്സിംഗ്)<br>2 നേഴ്സിംഗ് അസിസ്റ്റന്റ് - സ്പെഷ്യൽ ഗ്രേഡ് (12 വർഷത്തിലധികം സർവ്വീസുള്ളവർ)<br>3 ഫാർമസിസ്റ്റ് (മോഡേൺ മെഡിക്കൽ വിഭാഗത്തിൽ ഡിപ്ലോമയുള്ളവർ)<br>4 ജൂനിയർ ഫിസിയോ തെറാപ്പിസ്റ്റ് (ബിരുദം/ഡിപ്ലോമയും 5 വർഷ പരിചയവും)<br>5 ജൂനിയർ സയന്റിഫിക് ഓഫീസർ<br>6 ലബോറട്ടറി ടെക്നീഷ്യൻ (ബിരുദം)<br>7 എക്സ്റേ ടെക്നീഷ്യൻ (അംഗീകൃത സർട്ടിഫിക്കറ്റ്)<br>8 ഒപ്ടിക്കൽ ഫിറ്റർ | 5100-105-5625-115-6200 |
| **4. ഗ്രൂപ്പ് ഡി** | |
| 1 നേഴ്സിംഗ് അസിസ്റ്റന്റ് ഗ്രേഡ് I (മിനിമം 10 വർഷം സർവ്വീസുള്ളവർ)<br>2 റേഡിയോഗ്രാഫർ<br>3 തിയേറ്റർ മെക്കാനിക്ക്<br>4 സ്റ്റോർ ക്ലാർക്ക്/സ്റ്റോർ കീപ്പർ (ഡ്രഗ്സ് സ്റ്റോഴ്സ്)<br>5 റിഫ്രാക്ഷനിസ്റ്റ്<br>6 ഓപ്താൽമിക് അസിസ്റ്റന്റ്<br>7 ഒപ്റ്റോമെട്രിസ്റ്റ്<br>8 മെഡിക്കൽ റിക്കാർഡ് കീപ്പർ/മെഡിക്കൽ റിക്കാർഡ് ടെക്നീഷ്യൻ<br>9 ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ<br>10 ഡെന്റൽ_ഹൈജീനിസ്റ്റ്<br>11 ഡെന്റൽ മെക്കാനിക്ക്<br>12 ഇ. എൻ. ടി. ടെക്നീഷ്യൻ<br>13 എക്സ്റേ മെക്കാനിക്ക്<br>14 ഇ. സി. ജി. ടെക്നീഷ്യൻ<br>15 ഇ. ഇ. ജി. ടെക്നീഷ്യൻ<br>16 കെയർ ടേക്കർ<br>17 ഡയാലിസിസ് ടെക്നീഷ്യൻ<br>18 എൻഡോസ്കോപ്പി ടെക്നീഷ്യൻ | 5040-105-5565-115-6140 |

| ഗ്രൂപ്പ്/വിഭാഗം, തസ്തിക | പ്രതിമാസ മിനിമം വേതന സ്കെയിൽ |
|---|---|
| 19 അനസ്തേഷ്യാ ടെക്നീഷ്യൻ<br>20 ഹിസ്റ്റോ പത്തോളജി ടെക്നീഷ്യൻ<br>21 കാർഡിയാക് അനസ്തേഷ്യാ ടെക്നീഷ്യൻ<br>22 പെർഫ്യൂഷനിസ്റ്റ്<br>23 സിസ്റ്റം ഓപ്പറേറ്റർ<br>24 സി. എസ്. എസ്. ഡി. ഓപ്പറേറ്റർ<br>25 തെറാപിസ്റ്റ്/മാസിയർ<br>26 സാനിട്ടറി സൂപ്പർവൈസർ ഗ്രേഡ് II<br>27 ലബോറട്ടറി അസിസ്റ്റന്റ് (10 വർഷ പ്രവർത്തി പരിചയം)<br>28 എക്സ്റേ അസിസ്റ്റന്റ് (10 വർഷ പ്രവർത്തി പരിചയം) | 5040-105-5565-115-6140 |
| **5. ഗ്രൂപ്പ് ഇ** | |
| 1 നേഴ്സിംഗ് അസിസ്റ്റന്റ് രണ്ടാം ഗ്രേഡ് (5 വർഷത്തിൽ കൂടുതലും 7 വർഷത്തിൽ താഴെയും സർവ്വീസുള്ളവർ)<br>2 ഡയറ്റീഷ്യൻ ഗ്രേഡ് III<br>3 ആക്സിലറി നേഴ്സ്<br>4 മിഡ്‌വൈഫ്<br>5 ആക്സിലറി നേഴ്സ്-കം-മിഡ്‌വൈഫ്<br>6 ജനറൽ സൂപ്പർവൈസർ<br>7 ആയുർവേദ സീനിയർ കമ്പൗണ്ടർ/ആയുർവേദ സീനിയർ ഫാർമസിസ്റ്റ്<br>8 ആയുർവേദ സീനിയർ നേഴ്സ്<br>9 ഹോമിയോ സീനിയർ നേഴ്സ്<br>10 ഹോമിയോ സീനിയർ ഫാർമസിസ്റ്റ്/ഹോമിയോ സീനിയർ കമ്പൗണ്ടർ | 4770-100-5270-105-5795 |
| **6. ഗ്രൂപ്പ് എഫ്** | |
| 1 നേഴ്സിംഗ് എയ്ഡ്/നഴ്സിംഗ് അസിസ്റ്റന്റ് മൂന്നാം ഗ്രേഡ് (5 വർഷത്തിൽ താഴെ സർവ്വീസുള്ളവർ)<br>2 നേഴ്സിംഗ് ഓർഡർലി<br>3 ഡാർക്ക് റൂം അസിസ്റ്റന്റ് | 4630-95-5105-105-5630 |

| ഗ്രൂപ്പ്/വിഭാഗം, തസ്തിക | പ്രതിമാസ മിനിമം വേതന സ്കെയിൽ |
|---|---|
| 4 ഫാർമസിസ്റ്റ് എയ്ഡ്/ഫാർമസി അസിസ്റ്റന്റ് | |
| 5 കമ്പൗണ്ടർ അസിസ്റ്റന്റ്/കമ്പൗണ്ടർ എയ്ഡ് | |
| 6 ലബോറട്ടറി അസിസ്റ്റന്റ് | |
| 7 എക്സ്റേ അസിസ്റ്റന്റ് | |
| 8 ഇ. സി. ജി. അസിസ്റ്റന്റ് | |
| 9 ലൈബ്രറി അസിസ്റ്റന്റ് | 4630-95-5105-105-5630 |
| 10 തിയേറ്റർ അസിസ്റ്റന്റ് | |
| 11 ആയുർവേദ കമ്പൗണ്ടർ/ആയുർവേദ ഫാർമസിസ്റ്റ് | |
| 12 ആയുർവേദ നേഴ്സ് | |
| 13 ഹോമിയോ നേഴ്സ് | |
| 14 ഹോമിയോ ഫാർമസിസ്റ്റ്/ഹോമിയോ കമ്പൗണ്ടർ | |
| 15 ഹോസ്പിറ്റൽ എയ്ഡ് | |
| 16 സാനിറ്ററി വർക്കർ | |

7. ഗ്രൂപ്പ് ജി

| | |
|---|---|
| 1 വാർഡ് ബോയ് | |
| 2 അറ്റൻഡർ/ഓഫ്താൽമിക് അസിസ്റ്റന്റ് | |
| 3 ഡാർക്ക് റൂം അസിസ്റ്റന്റ് | |
| 4 ടേബിൾ മെയ്ഡ്/വാർഡ് സപ്ലയർ | |
| 5 റിക്കാർഡ് അറ്റൻഡർ | 4390-90-4840-100-5340 |
| 6 ലൈബ്രറി അറ്റൻഡർ | |
| 7 അറ്റൻഡർ (ഹോമിയോ/ആയുർവേദം) | |
| 8 കാന്റീൻ മെയ്ഡ് | |
| 9 കഷായം/മരുന്നുണ്ടാക്കുന്ന ആൾ | |
| 10 പഞ്ചകർമ്മ അറ്റൻഡർ/പഞ്ചകർമ്മ അസിസ്റ്റന്റ് | |
| 11 ഉഴിച്ചിൽ അസിസ്റ്റന്റ് | |
| 12 നേഴ്സിംഗ് അസിസ്റ്റന്റ് (ആയുർവേദം) | |
| 13 മാസ്സിയർ (ആയുർവേദം) | |
| 14 തെറാപിസ്റ്റ് അസിസ്റ്റന്റ് | |
| 15 ആയുർവേദ ഫാർമസി അസിസ്റ്റന്റ് | |

വിശദീകരണം:— സ്വകാര്യ ആശുപത്രികളെയും മറ്റ് സ്ഥാപനങ്ങളെയും അവ ലഭ്യമാക്കുന്ന ചികിത്സാ സംവിധാനങ്ങൾ, ഡിപ്പാർട്ട്മെന്റുകൾ, സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവന ലഭ്യത, കിടക്കകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വിധം തരംതിരിച്ചിരിക്കുന്നു:

(1) <u>പ്രൈമറി കെയർ സെന്റർ</u>.—എം. ബി. ബി. എസ്., എം. ഡി. (ജനറൽ മെഡിസിൻ) വിഭാഗത്തിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാവുന്ന 20 കിടക്കകൾ വരെയുള്ള ആശുപത്രികൾ, ഡിസ്പെൻസറികൾ തുടങ്ങിയവയും മറ്റു വിഭാഗങ്ങളിൽ ഉൾപ്പെടുത്താത്ത എല്ലാ സ്ഥാപനങ്ങളും.

(2) <u>സെക്കന്ററി കെയർ സെന്റർ (സ്പെഷ്യാലിറ്റി സെന്റർ)</u>.—ജനറൽ സർജറി, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഒബ്സ്ട്രക്റ്റിക്സ്, ഓർത്തോപീഡിക്സ്, ഇ. എൻ. റ്റി., ഓഫ്ത്താൽമോളജി, സ്കിൽപീഡിയാട്രിക്സ്. എന്നീ സ്പെഷ്യലിറ്റികളിൽ ഏതെങ്കിലും 4 എണ്ണമെങ്കിലും ഉള്ള 100 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുള്ള എല്ലാവിധ സർക്കാർ ഇതര ആശുപത്രികൾ, പോസ്റ്റ്ഗ്രാജ്വേറ്റ് ഡോക്ടർമാർ പ്രവർത്തിക്കുന്ന ഡെന്റൽ ക്ലിനിക്കുകൾ, അൾട്രാ സൗണ്ട് സ്കാനിംഗ് സെന്ററുകൾ.

(3) <u>ടെറിഷ്യറി കെയർ സെന്റർ (സൂപ്പർ സ്പെഷ്യാലിറ്റി/ഹൈടെക് സെന്റർ</u>.— ഇവയെ ഗ്രേഡ് I, ഗ്രേഡ് II എന്നീ വിഭാഗമായി തിരിച്ചിട്ടുണ്ട്.

*ഗ്രേഡ് II:*

സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകൾക്ക് പുറമെ യൂറോളജി, നെഫ്രോളജി, ന്യൂറോളജി, ന്യൂറോ സർജറി, പ്ലാസ്റ്റിക് സർജറി, മാക്സിലോഫേഷ്യൽ സർജറി, കാർഡിയോളജി, കാർഡിയോ തൊറാസിക് സർജറി, പീഡിയാട്രിക് സർജറി, ഓങ്കോളജി തുടങ്ങിയവയിൽ ഏതെങ്കിലും 4 എണ്ണമെങ്കിലും **ഉള്ള**വയും ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ, സി. ടി. സ്കാൻ സെന്ററുകൾ, വിവിധോദ്ദേശ്യ സർവ്വീസുകൾ നൽകുന്ന വലിയ ഡയഗ്നോസ്റ്റിക് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങൾ.

*ഗ്രേഡ് I:*

മേൽപ്പറഞ്ഞ ഡിപ്പാർട്ടുമെന്റുകളുടെ ഭാഗമായി കാത്ത്ലാബ്, റേഡിയോ തെറാപി സൗകര്യം, എം. ആർ. ഐ. കാർഡിയോ സ്കാൻ, ഓർഗൻ ട്രാൻസ്പ്ലാന്റ് യൂണിറ്റ്, IVF സൗകര്യം എന്നിവയുള്ള സ്ഥാപനങ്ങൾ.

(4) <u>സ്വകാര്യ മേഖലയിലെ മെഡിക്കൽ കോളേജ് ആശുപത്രികൾ</u>.—എം. ബി. ബി. എസ്., ബി. ഡി. എസ്., എം. ഡി., എം. എസ്., ബി. എസ്. സി. (നഴ്സിംഗ്) തുടങ്ങിയ ബിരുദ, ബിരുദാനന്തര കോഴ്സുകളും പാരാമെഡിക്കൽ കോഴ്സുകളും കൂടി പ്രവർത്തിച്ചു വരുന്നവയോ അഥവാ അത്തരം കോഴ്സുകൾക്ക് പരിശീലനം നൽകുന്നതിന് സൗകര്യം ചെയ്ത് കൊടുക്കുന്നവയോ ആയ സ്ഥാപനങ്ങൾ.

**2. അധിക അലവൻസ്**

പട്ടികയിൽ നിർദ്ദേശിക്കപ്പെട്ട മിനിമം വേതന നിരക്കുകൾ ഒന്നാം വിഭാഗത്തിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകേണ്ടതാണ്. എന്നാൽ 2, 3 ഗ്രേഡ് II, 3 ഗ്രേഡ് I, 4 എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്ക് മേൽ നിർദ്ദേശിച്ച മിനിമം വേതനത്തിനു പുറമേ അതാതു കാലങ്ങളിൽ അവർക്കു നൽകുന്ന അടിസ്ഥാന വേതനത്തിന്റെ യഥാക്രമം 10 ശതമാനം, 15 ശതമാനം, 20 ശതമാനം, 30 ശതമാനം വരുന്ന തുക അധിക അലവൻസായി നൽകേണ്ടതാണ്.

3. **ക്ഷാമബത്ത**

മുകളിൽ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന വേതനത്തിനും അധിക അലവൻസിനും പുറമേ സംസ്ഥാന ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഓരോ മാസവും പ്രസിദ്ധീകരിക്കുന്ന 1998-99=100 എന്ന ഉപഭോക്തൃ വില സൂചികയിലെ അതത് ജില്ലാ കേന്ദ്രത്തിന്റെ ഏറ്റവുമൊടുവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സൂചികയിൽ 130 പോയിന്റിന് മേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും പ്രതിമാസം 26.65 രൂപ (ഇരുപത്തിയാറു രൂപ അറുപത്തിയഞ്ചു പൈസ) നിരക്കിൽ ക്ഷാമബത്തയും നൽകേണ്ടതാണ്

ഇടുക്കി, വയനാട് ജില്ലകളെ സംബന്ധിച്ചിടത്തോളം അതത് ജില്ലാ കേന്ദ്രങ്ങളിലെ ഉപഭോക്തൃവില സൂചിക പ്രസിദ്ധീകരിക്കുന്നതുവരെ യഥാക്രമം മൂന്നാർ, മേപ്പാടി എന്നീ കേന്ദ്രങ്ങളിലെ ഉപഭോക്തൃ വില നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

4. **സർവ്വീസ് വെയിറ്റേജ്**

ഒരു സ്ഥാപനത്തിൽ അല്ലെങ്കിൽ ഒരു തൊഴിലുടമയുടെ കീഴിൽ പൂർത്തിയാക്കിയതും ഇനി പൂർത്തിയാക്കുന്നതുമായ ഓരോ അഞ്ചു വർഷത്തെ സർവ്വീസിനും പുതിയ വേതന സ്കെയിലിൽ നിർണ്ണയിക്കപ്പെട്ട ശമ്പളത്തിന്റെ തൊട്ടടുത്ത നിരക്കിലുള്ള ഓരോ വാർഷിക ഇൻക്രിമെന്റ് എന്ന രീതിയിൽ സർവ്വീസ് വെയിറ്റേജ് ബന്ധപ്പെട്ട ജീവനക്കാരന് അടിസ്ഥാന ശമ്പളത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

5. ഏതെങ്കിലും തൊഴിലാളി അർഹതപ്പെട്ട ശമ്പള സ്കെയിലിന്റെ പരമാവധിയിൽ എത്തുകയാണെങ്കിൽ, ടി തൊഴിലാളിക്ക് തുടർന്നുള്ള ഓരോ വർഷത്തെ സർവ്വീസിനും ബന്ധപ്പെട്ട വിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിലെ അവസാന നിരക്കിൽ തുടർന്നും ഓരോ വർഷവും വാർഷിക ഇൻക്രിമെന്റ് നൽകേണ്ടതാണ്.

6 **ദിവസ വേതനം**

അതത് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വേതനം, ക്ഷാമബത്ത, അധിക അലവൻസ്, ഇൻക്രിമെന്റ്, അഞ്ചുവർഷം സർവ്വീസ് പൂർത്തിയാക്കിയവർക്കുള്ള സർവ്വീസ് വെയിറ്റേജ് എന്നിവയുടെ ആകെ തുകയെ ഒരു മാസത്തിലെ പ്രവൃത്തി ദിവസ സംഖ്യയായ 26 (ഇരുപത്തിയാറ്) കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന തുക ആ-തസ്തികയുടെ ജീവനക്കാരന്റെ ഒരു ദിവസത്തെ മിനിമം വേതനമായിരിക്കുന്നതാണ്

7. ഈ മേഖലയിലെ ഏതെങ്കിലും തസ്തികകൾ പട്ടികയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ അത്തരം ജീവനക്കാർക്ക് സമാന ജീവനക്കാരുടെ വേതനത്തിന്റെയും, ക്ഷാമബത്തയുടെയും, അധിക അലവൻസിന്റെയും, ഇൻക്രിമെന്റിന്റെയും, സർവ്വീസ് വെയിറ്റേജിന്റെയും നിരക്കിൽ വേതനം നൽകേണ്ടതാണ്.

8. **ഉയർന്നവേതനം**

ഈ വിജ്ഞാപനപ്രകാരമുള്ള വേതന നിരക്കുകളേക്കാൾ ഉയർന്ന വേതനം ഈ മേഖലയിൽ ഏതെങ്കിലും തൊഴിലാളികൾക്ക് ഇപ്പോൾ നൽകുന്നുണ്ടെങ്കിൽ അത്തരം തൊഴിലാളികൾക്ക് അപ്രകാരമുള്ള ഉയർന്ന വേതന നിരക്ക് തുടർന്നും നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. വിശ്വനാഥൻ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ, ഫാർമസികൾ, സ്കാനിംഗ് സെന്ററുകൾ, എക്സ്റെ യൂണിറ്റുകൾ, ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ 2000 ജൂൺ 5-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 1928/2000/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആയതിന്റെ കാലാവധി കഴിഞ്ഞതിനാൽ ഈ വിഭാഗം ജീവനക്കാരുടെ കുറഞ്ഞ കൂലി ഇതിനായി നിയമിച്ച മിനിമം വേതന കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പ്രകാരം പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

ശരിപ്പകർപ്പ്

[signature]

സെക്ഷൻ ഓഫീസർ

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009